# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/1997/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/1997/2021 തീയ്യതി: 05/02/2022

## മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 26-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2021 | 26-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, (ഓഡിറ്റ് ഓഫീസർ)

ശ്രീമതി. ജിഷ കെ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി. ലത. ഒ.വി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കുട്ടശ്ശേരി ഷെരീഫ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി.എൻ.എം സുഹറാബി | പ്രസിഡന്റ് | 29-12-2020 | 31-03-2021 |
| ശ്രീ. രാജശേഖരൻ കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-12-2020 | 28-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സുബാഷ് കുമാർ | അസി. സെക്രട്ടറി | 01-04-2020 | 09-09-2020 |
| ഒഴിവ് | അസി. സെക്രട്ടറി | 10-09-2020 | 30-09-2020 |
| ശ്രീ. സ്വപ്നേഷ് സി.പി | അസി. സെക്രട്ടറി | 01-10-2020 | 31-03-2021 |
| ശ്രീമതി. രേഷ്മ എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഗ്രീഷ്മ ഗിരിജൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ഈസ്സാ അരീക്കാടൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 28-01-2021 |
| ഡോ. അർഷാദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 29-01-2021 | 31-03-2021 |
| ശ്രീ. മുസ്തഫ എ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സ്മിത കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശീമതി. ഹഫ്സത്ത് എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റീബ തങ്കച്ചൻ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ജോർജ് സക്കറിയ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. പ്രസീന ഇ.ആർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 30-01-2021 |
| ഡോ. രഘുനാഥൻ എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 31-01-2021 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 14-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-11 |
| 13 | തൊഴിൽ നികുതി കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-12 |
| 14 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-13 |
| 15 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ ഇല്ലാതെ വാങ്ങി<br>Written By: Idrees Abdulla A.C. (Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-14 |
| 16 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്: 18,000 രൂപ തിരിച്ചടച്ചു.<br>Written By: Latha.O.V (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-15 |
| 17 | പാർട്ട് ബില്ലിൽ നിന്നും Retension കുറവ് ചെയ്തില്ല<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-16 |

| | | |
|---|---|---|
| 18 | SC വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം-അപാകതകൾ<br>Written By: Latha.O.V (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-17 |
| 19 | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല<br>Written By: Latha.O.V (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-18 |
| 20 | ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമാക്കണം<br>Written By: Latha.O.V (Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-19 |
| 21 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവഴിക്കാത്ത തുകകൾ തിരിച്ചടവാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-20 |
| 22 | അനുബന്ധ രേഖകൾ ലഭ്യമായില്ല.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-21 |
| 23 | പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തി വെള്ളക്കരത്തിൽ കൃത്യത വരുത്തേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-22 |
| 24 | ലാപ്ടോപ്പ് വിതരണം - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-23 |
| 25 | കുടിവെള്ള വിതരണം - സർക്കാർ ഉത്തരവിൽ അനുവദിച്ചതിലും അധികരിച്ച് തുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-24 |
| 26 | എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-25 |
| 27 | പ്രളയാനന്തര മാലിന്യം നീക്കം ചെയ്യൽ - IT കുറവായി ഈടാക്കി.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-26 |
| 28 | അനുബന്ധ രേഖകൾ ലഭ്യമാവാത്തത് സംബന്ധിച്ച്.<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27 |
| 29 | എസ് എസ് എ വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27-1 |
| 30 | ഐ കെ എം വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27-2 |
| 31 | കാർഷികാവശ്യത്തിനായി ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27-3 |
| 32 | കരണിയിൽ എസ് സി കുടിവെള്ള പദ്ധതി സർവ്വേ ഫീസ്<br>Written By: Jisha.K (Senior Grade Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-27-4 |
| 33 | സ്ത്രീ ശാക്തീകരണ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 03-02-2022) | |
| 34 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 1-29 |
| 35 | തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് - ട്രഞ്ചിൽ മണ്ണ് നിറക്കുന്നതിനുള്ള നിരക്കിൽ മൂല്യനിർണ്ണയം ചെയ്തു. അധിക ചെലവ്<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-30 |
| 36 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം കരാറുകാർക്ക് അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-31 |
| 37 | ചക്കാലക്കൽ അങ്കണവാടി കെട്ടിടം- ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 1-32 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി കുറവായി ഈടാക്കി<br>Written By: Idrees Abdulla A.C. (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 2-1 |
| | **ഭാഗം 3** | |
| 1 | തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗിനു ട്രഞ്ചിൽ മണ്ണ് നിറക്കുന്നതിനുള്ള നിരക്കിൽ മൂല്യനിർണ്ണയം ചെയ്തു<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 3-1 |
| 2 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം അധിക തുക നൽകി<br>Written By: ABDHU NAZER.P (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 24-11-2021) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 20-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Idrees Abdulla A.C. (Auditor, On 28-11-2021) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1/1- 23.03.2020 | 1/1- 19.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 31 .07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 67645075.85 |
| വരവ് | 242189243 |
| ആകെ | 309834318.85 |
| ചെലവ് | 236408927 |
| നീക്കിയിരിപ്പ് | 73425391.85 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24209800 | 24209800 | 24198765 | 11035 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8409000 | 8409000 | 630578 | 2100422 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8077000 | 8077000 | 7698242 | 378758 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6474843 | 6474843 | 3806207 | 2668636 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied Basic Grand) | 0 | 23361029 | 23361029 | 19378412 | 3982617 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grand) | 0 | 8690000 | 8690000 | 7854000 | 836000 |
| ബി ഫണ്ട് | 0 | 1135148000 | 1135148000 | 1135148000 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 24198765/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 24841165/-രൂപയാണ്. (ജി.ഒ പ്രോജക്ട് പ്രകാരം Deduction ചെയ്ത തുക 642400/- രൂപയാണ്).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 151879778 | 120 | 90170722 | 4 | 63 | 64% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 513488 | 2311170 | 2824658 | 2504968 | 319690 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18908780 | 18908780 | 18908780 | 0 |
| ആകെ | 513488 | 21219950 | 21733438 | 21413748 | 319690 |

കുറിപ്പ്

ഗുണഭോക്താകൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് പ്രകാരം 18109476/-രൂപയും, ക്യാഷ് ബുക്ക് പ്രകാരം 18908780/-രൂപയുമാണ്. ഈയിനത്തിൽ വാർഷികകണക്ക് ക്യാഷ് ബുക്കുമായി 799304/- രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം മെറ്റീരിയൽ വർക്കിനായി ഉപയോഗിച്ച തുക 1809046/- രൂപയാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13200 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 4628100 | 385 |
| വിധവാപെൻഷൻ | 3695600 | 270 |
| വാർദ്ധക്യകാലപെൻഷൻ | 56978100 | 4382 |
| വികലാംഗപെൻഷൻ | 13078100 | 720 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1501300 | 93 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34812/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. 86/2010/ഫിൻ തി. 24.09.2010 സർക്കുലറിൽ നിർദ്ദേശിക്കും വിധം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3 . പഞ്ചായത്തുമായി കരാറിലേർപ്പെടുമ്പോൾ കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പു വെപ്പിക്കാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. ഓരോ എഗ്രിമെന്റും എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പറിട്ട് സൂക്ഷിക്കണം.

4. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ല.

5. ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ. തീയതി 8-11-2010 നമ്പർ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

6. പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച

സമഗ്രമായ വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

7. കൃഷി ഓഫീസർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. അസി. സെക്രട്ടറിയുടെ ക്യാഷ്ബുക്ക് പൂർണ്ണമല്ല.

9. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2020 | 06/2020, 07/2020, 08/2020, 09/2020, 10/2020, 11/2020, | 18.12.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2019 മുതൽ 15.07.2019 വരെ | 1997-98 മുതൽ 2005-06 വരെ | 05.10.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വസ്തു നികുതി Current Collection വാർഷിക കണക്ക്, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | Advance Tax | വ്യത്യാസം |
|---|---|---|---|---|
| Current Collection | 9260440 രൂപ | 9186563 രൂപ | 14634 | 59243 രൂപ |

2) തൊഴിലുറപ്പ് പദ്ധതി-ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക വാർഷികകണക്ക് പ്രകാരം 18109476/-രൂപയും, ക്യാഷ് ബുക്ക് പ്രകാരം 18908780 രൂപയുമാണ്. ഈയിനത്തിൽ വാർഷികകണക്ക് ക്യാഷ് ബുക്കുമായി 799304/-രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദമാക്കേണ്ടതാണ്.

3) തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

4) തൊഴിൽനികുതി (ട്രേഡേഴ്സ്), ഡി ആന്റ് ഒ ലൈസൻസ് ഫീ, കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ എന്നിവക്കായി തയ്യാറാക്കിയ ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകളിൽ പേജ് ക്രമത്തിലുള്ള തുകകൾ ക്യാരിഓവർ ചെയ്യാതെയും തുകയുടെ സംഗ്രഹം ചേർക്കാതെയുമാണ് ആകെ ഡിമാന്റ്, കളക്ഷൻ തുകകൾ ചേർത്തിട്ടുള്ളത്. ആയതിനാൽ എ.എഫ്.എസ് പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി കുറവായി ഈടാക്കി

സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവർഷ റിട്ടേൺ പ്രകാരം വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | വി.ജെ പള്ളി എ.എം.യു.പി.എസ് | മുഹമ്മദ് സഫീർ പി.പി | 103900 | 750 | 1000 | 250 |
| 2 | കൊശമറ്റം ഫിനാൻസ് | സുനിത അമ്പാളി | 72000 | 300 | 600 | 300 |
| 3 | കൊശമറ്റം ഫിനാൻസ് | പ്രവീണ വി | 72000 | 300 | 600 | 300 |
| ആകെ | | | | | | 850 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 850 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), വിവിധ പ്രൊജക്ടുകളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുള്ള തുകകൾക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

A)

| പ്രോജക്ട് | പ്രഫോർമ ഇൻവോയ്സ് നം./ബിൽ നം | മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് നം |
|---|---|---|

| | | |
|---|---|---|
| നം.33/2020-21 പരിരക്ഷ പാലിയേറ്റീവ് കെയർ.<br>അടങ്കൽ-601000<br>ആകെ ചെലവ്-595546 | PRF3503/ 19.11.2020<br>ബിൽ നം.12/20-21 Dt. 30.01.21- 150000 രൂപ<br>(പൊതു വിഭാഗം സാധാരണ വിഹിതം) | 21/01.04.2021- 29660 രൂപ |
| | | 22/01.04.2021- 12345 രൂപ |
| | | 25/01.04.2021- 21866 രൂപ |
| | | 28/01.04.2021- 26383 രൂപ |
| ആകെ | | 90254 രൂപ |

മേൽ പ്രോജക്ടിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 12/19-20 Dt. 30.01.21 പ്രകാരം നൽകിയിട്ടുള്ള 150000 രൂപയിൽ 59746 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് | ബിൽ നം | പ്രഫോർമ ഇൻവോയ്സ് നം. | മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് നം |
|---|---|---|---|
| നം.34/2020-21 പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് പാലിയേറ്റീവുകൾക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ.<br>അടങ്കൽ-200000<br>ആകെ ചെലവ്-200000 | ബിൽ നം.11/20-21 Dt. 30.01.21- 200000 രൂപ<br>(മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ്) | PRF3929/ 16.12.2020-100000/- രൂപ | 83/06.04.21- 12511 |
| | | | 4450/02.08.21- 575 |
| | | ആകെ | 13086 രൂപ |
| | | PRF3924/ 16.12.2020-100000/- രൂപ | 82/06.04.21- 9998 |
| | | | 92/06.04.21- 6272 |
| | | | 127/10.04.21- 1060 |
| | | | 2379/15.06.21- 25161 |
| | | | 4452/02.08.21- 1985 |
| | | | 5925/10.09.21- 14373 |
| | | ആകെ | 58849 രൂപ |
| | | ഗ്രാന്റ് ടോട്ടൽ | 71935 രൂപ |

മേൽ പ്രോജക്ടിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ നം.1/20-21 Dt. 30.01.21 പ്രകാരം നൽകിയിട്ടുള്ള 200000 രൂപയിൽ 71935 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടുണ്ട്. ലഭ്യമായ മരുന്നുകളും ഉപകരണങ്ങളും പ്രൈവറ്റ് പാലിയേറ്റീവുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ആകെ നൽകിയ തുകയിൽ നിന്നും 128065 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിൽ എടുത്തത്, വിതരണം ചെയ്തതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ .32 /2020-21 തിയ്യതി 25.11.2021)

## 1-14 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ ഇല്ലാതെ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി),

പ്രോജക്ട് നമ്പർ- 93/20-21

അടങ്കൽ-350000

ആകെ ചെലവ് -349635

സർക്കാർ ഉത്തരവ് G.O(Ms) No.24/2017/ITD Dated-18.11.2017 പ്രകാരം കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും Centralised Procurement And Rate Contract System (CPRCS) മുഖേന വാങ്ങണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്.

മേൽ പ്രോജക്ട് പ്രകാരം സബ്ബ് സെന്ററുകളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയത് CPRCS പോർട്ടൽ മുഖേനയല്ല. ബിൽ നമ്പർ 13/20-21 Dt.20.01.21 പ്രകാരം 104266/- രൂപയുടെ ലേസർ പ്രിന്റർ, യു.പി.എസ് എന്നിവ ഹൈപ്പർ കമ്പ്യൂട്ടേഴ്സ് കോഹിനൂർ (ഇൻവോയിസ് നം- HCS2021-G001491/15.01.2021) എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ ഇല്ലാതെയാണ് വാങ്ങിയിട്ടുള്ളത്.

സർക്കാർ നിർദേശം പാലിക്കാതെ ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.33 /2020-21 തിയ്യതി 25.11.2021)ക്ക് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നത് വരെ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക 104266/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്: 18,000 രൂപ തിരിച്ചടച്ചു.

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 94/2020-21

പ്രോജക്ടിന്റെപേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

വികസന ഫണ്ട്- 20ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് 15ലക്ഷം

ജില്ലാ പഞ്ചായത്ത് 15ലക്ഷം

മൊത്തം അടങ്കൽ- 50 ലക്ഷം

ചെലവ് :3602600 രൂപ

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിയായ ഫവാസ്.സി, S/O മുസ്തഫ ചേനാരി, പുളിച്ചേരി (വാർഡ് 12) എന്ന ഗുണഭോക്താവിന് 46000 രൂപ 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്.

| ബിൽ നം&തീയതി | തുക | അനുവദിച്ച തുക |
|---|---|---|
| 18/2021 18.3.21 | 647100/- | 17500 |
| 15/20-21 15.2.21 | 1087000/- | 28500 |

ആകെ 46000

അധികം നൽകിയ 28500രൂപയിൽ 18000 രൂപ തിരിച്ചടവാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.25/23-11-21/20-21 ന്റെ അടിസ്ഥാനത്തിൽ 25-11-21 ലെ 3385462 രശീതി പ്രകാരം പഞ്ചായത്തിൽ തിരിച്ചടവാക്കി.

അവശേഷിക്കുന്ന 10500 രൂപ തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ ക്രമീകരിച്ച വിവരം അറയിക്കുകയോ ചെയ്യുന്നതുവരെ 10500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 പാർട്ട് ബില്ലിൽ നിന്നും Retension കുറവ് ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയപ്പോൾ Retension കുറവ് ചെയ്തിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേർ- പാറക്കടവ് സ്കൂളിന് അറ്റകുറ്റപ്പണി

പ്രൊജക്ട് നമ്പർ-187/21

സാങ്കേതികാനുമതി-20,53000

ഫണ്ടിനം- നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്

കരാറുകാരൻ- ശ്രീ. യു. ഉമ്മർകോയ

ക്വാട്ട് ചെയ്ത നിരക്ക്- 17,06,161

എഗ്രിമെന്റ് നമ്പർ- 36/2019-20/AE/MNR, തി-4.2.2020

കോസ്റ്റ് ഇൻഡക്സ്- 31.06%

ബിൽ നമ്പർ- 44/31.3.2021, 520804 രൂപ

എം ബുക്ക്- 188/18-19

മേൽ പ്രവൃത്തിക്ക് 520804 രൂപ ചുവടെ ചേർത്തിട്ടുള്ള വിധം പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തിയുടെ മൂല്യം- 465004

(+) 12% GST - 55800

ആകെ - 520804

(-) IT 5209

WF 5209

GST 10418

കരാറുകാരന് നൽകിയതുക- 499968

പാർട്ട് ബില്ലിൽ നിന്നും നിയമാനുസൃതം കുറവ് വരുത്തേണ്ടതായ റീടെൻഷൻ തുക കുറവ് വരുത്തിയിട്ടില്ല.

റീടെൻഷൻ കുറവ് വരുത്താതെ പാർട്ട് ബിൽ നൽകിയതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-17 SC വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം-അപാകതകൾ

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ SC വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം എന്ന പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം 69/20-21

അടങ്കൽ :350000 (പ്ലാൻ)

ചെലവ് : 309466/-(ബിൽ നം.6/20-21തീയതി.19.3.21)

മേൽ പ്രൊജക്റ്റ് പ്രകാരം, SC വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി ആർട്കോ യിൽ നിന്നും 62മേശയും 62 കസേരയും ഇൻവോയ്സ് നം. 691/23.3.21 പ്രകാരം വാങ്ങിയിട്ടുണ്ട്. ഒരു മേശക്ക് 3320 രൂപയും കസേരക്ക് 910 രൂപയുമാണ് വില. എന്നാൽ വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. വിതരണരേഖ പ്രകാരം 56 ഗുണഭോക്താക്കൾ മാത്രമാണ് ഫർണിച്ചറുകൾ കൈപ്പറ്റിയത്.

ഫർണീച്ചറുകൾ സ്റ്റോക്കിൽ എടുക്കാതെ വിതരണം ചെയ്തതിനും അവശേഷിയ്ക്കുന്ന 6മേശയും 6 കസേരയും വിതരണം ചെയ്യാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 47/25.11.21/2020-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കുന്നതുവരെ 6 മേശയുടേയും 6 കസേരയുടേയും വിലയായ 29948 രൂപ [(3320+910)*6 + 4568] തടസ്സം ചെയ്യുന്നു.

## 1-18 SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രൊജക്റ്റിന്റെ പേര് : SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്റ്റ് നം 68/20-21

അടങ്കൽ :5ലക്ഷം

പ്ലാൻ : 5ലക്ഷം

ചെലവ് :480000/-

1) ബിൽ നം.4/20-21തീയതി.21.3.21 തുക 130000 /-

2) ബിൽ നം.5 /20-21തീയതി.2.3.21 തുക 10000 /-

3) ബിൽ നം.7/ 20-21തീയതി.19.3.21 തുക 10000 /-

മേൽ പ്രൊജക്റ്റ് പ്രകാരം, പഞ്ചായത്തിലെ 25 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ സംബന്ധിച്ച സബ്സിഡി മാർഗരേഖ ഖ. 7.2.5 പ്രകാരം ധനസഹായ തുക അനുവദിയ്ക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സ്, വർഷം എന്നിവ പ്രത്യേകം രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.45/25.11.21 /2020-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമാക്കണം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം രൂപീകരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. 1.9.2019 ൽ ആരംഭിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ക്ലീൻ മുന്നിയൂർ എന്ന പേരിൽ നടപ്പിലാക്കിയ പ്രൊജക്റ്റിന് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക |
|---|---|

| | | |
|---|---|---|
| 2019-20 | പ്ലാൻ | 533025 |
| 2020-21 | പ്ലാൻ | 371916 |
| ആകെ | | 904941 |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെപറയും പ്രകാരം തുക ചെലഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവഴിച്ച തുക | ബിൽ നം/ചെക്ക് നം തീയതി |
|---|---|---|
| ക്ലീൻ മുന്നിയൂർ (67/2019-20) | 54899 | 6/19-20/30.9.19 |
| ക്ലീൻ മുന്നിയൂർ (124/2020-21) | 371916 | 1/20-021/3.4.20 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയും ഓഡിറ്റോറിയങ്ങൾക്ക് 1000 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. (17.9.19 ലെ 8/1 നമ്പർ തീരുമാനം). രസീത് ബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരം, കളക്ഷൻ കാർഡ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) എം.സി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയെങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

3)12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം സഞ്ചി/ ചാക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4) പഞ്ചായത്തിൽ മാലിന്യശേഖരണത്തിന് സ്ഥിരം സംവിധാനമായിട്ടില്ല. 19-ാം വാർഡിലെ വാടകവീട്ടിലാണ് ഇപ്പോൾ എം.സി.എഫ് പ്രവർത്തിയ്ക്കുന്നത്. എം.സി.എഫിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിററ് എൻക്വയറി നം. 27/24.11.21/2020-21 ക്ക് ലഭ്യമാക്കിയ മറുപടിയിൽ എം.സി.എഫിന് സ്ഥലം ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എം.സി.എഫിന് സ്ഥിരമായ സംവിധാനം ഒരുക്കുന്നതിലും ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപെടൽ അനിവാര്യമാണ്.

## 1-20 മഴക്കാല പൂർവ്വ ശുചീകരണം- ചെലവഴിക്കാത്ത തുകകൾ തിരിച്ചടവാക്കേണ്ടതാണ്.

മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഒരു വാർഡിന് 10000/- രൂപ നിരക്കിൽ ശുചിത്വമിഷൻ ഫണ്ട് 23 വാർഡിന് 2,30,000/- രൂപ വൗച്ചർ നമ്പർ 22000643/20.10.2020 പ്രകാരം പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പരിശോധനക്കായി വാർഡ് നമ്പർ 9, 11, 13, 16, 17, 18 എന്നീ വാർഡുകളുടെ പാസ്സ് ബുക്ക്, ക്യാഷ്ബുക്ക്, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഡുകളിലേക്ക് ലഭ്യമാക്കിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

| വാർഡ് നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 2 | 10000 | - | 10000 | 30.06.2021 ന് 31310 രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. |
| 7 | 10000 | - | 10000 | 31.10.2021 ന് 32749 രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. |
| 14 | 10000 | - | 10000 | 24.11.2021 ന 26772.86 രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. |
| 15 | 10000 | - | 10000 | 16.09.2021 ൻ 27385 രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. |

| | | | | |
|---|---|---|---|---|
| 20 | 10000 | - | 10000 | 31.10.2021 ൻ 58680 രൂപ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു. |

തുക പൂർണ്ണമായും ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

2. താഴെ പറയുന്ന 6 വാർഡുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| വാർഡ് നമ്പർ | നൽകിയ തുക |
|---|---|
| 9 | 10000 |
| 11 | 10000 |
| 13 | 10000 |
| 16 | 10000 |
| 17 | 10000 |
| 18 | 10000 |
| | 60000 |

ചെലവു രേഖകൾ ലഭ്യമാക്കുന്നതു വരെ 60000/- രൂപ തടസ്സം ചെയ്യുന്നു.

3. വാർഡ് നമ്പർ 5 ന് നൽകിയ 10,000/- രൂപ ചെലവഴിച്ചതിന്റെ വൗച്ചർ ലഭ്യമാക്കി. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ ടി തുക പിൻവലിച്ചിട്ടില്ല. പണം ചെലവഴിക്കാതെ ചെലവ് വൗച്ചറുകൾ ലഭ്യമായത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക 10,000/- രൂപ തടസ്സം ചെയ്യുന്നു.

4. വാർഡ് നമ്പർ 4 ലെ വൗച്ചർ ലഭ്യമാക്കി. എന്നാൽ ബാങ്ക് പാസ്സ്ബുക്ക് ലഭ്യമാക്കിയില്ല. ക്രമ നമ്പർ 3 പ്രകാരമുള്ള അപാകത ഇതിലും നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായില്ല. ബാങ്ക് പാസ്സ്ബുക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുക 10000/- രൂപ തടസ്സം ചെയ്യുന്നു.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/2020-21/25.11.21) മറുപടി ലഭ്യമാക്കിയില്ല.

സ്പെസിഫിക് പർപ്പസിനായി ലഭിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും, ചെലവഴിക്കാത്തപക്ഷം തിരിച്ചടക്കേണ്ടതുമാണ്. ചെലവഴിക്കാത്ത തുക തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

എല്ലാ വാർഡ്കമ്മറ്റികളിലേയും ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 അനുബന്ധ രേഖകൾ ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : അസി. സെക്രട്ടറി

പ്രോജക്ട് : 134/21 നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും ശുചീകരണ തൊഴിലാളികൾക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ

അടങ്കൽ : 100000/- (തനത്)

ചെലവ് : 76044/- ( വൗച്ചർ നമ്പർ :2200092/4.5.20 (25132/-)

( വൗച്ചർ നമ്പർ : 22000157/19.5.20 (50912/-)

മേൽ പ്രോജക്ട് പ്രകാരം 76044/- രൂപ തനത് ഫണ്ട് ചെലവഴിച്ച് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽനിന്നും താഴെ പറയുന്ന സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനം | യൂണിറ്റ് വില (ജി എസ് ടി ഉൾപ്പെടെ) | എണ്ണം | തുക |
|---|---|---|---|---|---|
| 1 | 1/12.05.2020 | ഗ്ലൗസ് | 56.64 | 350 | 19824 |
| | | ഗംബൂട്ട് | 399 | 60 | 23940 |
| | | ഹാൻഡ് വാഷ് | 82.6 | 23 | 1899.80 |
| | | മാസ്ക് | 14.994 | 350 | 5247.9 |

| | | | | | |
|---|---|---|---|---|---|
| 2 | 85/no Date | ബ്ലീച്ചിംഗ് പൗഡർ | 39.896 | 125 | 4987 |
| | | ലൈം പൗഡർ | 23.79 | 250 | 5974.5 |
| | | ഗ്ലൗസ് | 56.64 | 150 | 8496 |
| | | മാസ്ക് | 11.5 | 150 | 1725 |
| 3 | 86/no Date | എക്സാമിനേഷൻ ഗ്ലൗസ് | 5.6 | 500 | 2800 |
| | | മാസ്ക് | 11.5 | 100 | 1150 |
| | | | | | 76044.2 |

മേൽ സാധനങ്ങളിൽ ക്രമ നമ്പർ 2, 3 എന്നീ ഇൻവോയ്സുകൾ പ്രകാരമുള്ള 25132/- രൂപ ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയതിന് ലഭ്യമാക്കിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമാക്കിയത്. എന്തെല്ലാം സാധനങ്ങളാണ് വാങ്ങിയതെന്നും സ്റ്റോക്കിലെടുത്തതിന്റെ വിവരവും വിതരണം ചെയ്തതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2020-21/20.11.21) ലഭ്യമാക്കിയ മറുപടിയിൽ ബില്ലുകളും വൗച്ചറുകളും ലഭ്യമാക്കുകയും ടി സാധനങ്ങൾ ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർക്ക് വിതരണം ചെയ്തതാണെന്നും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുന്നതായും അറിയിച്ചു. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ (തൊഴിലുറപ്പ് വിഭാഗം) പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി ബോധ്യപ്പെട്ടു.

| ക്രമ നമ്പർ | ഇനം | യൂണിറ്റ് വില (ജി എസ് ടി ഉൾപ്പെടെ) | എണ്ണം | തുക |
|---|---|---|---|---|
| 1 | ഗ്ലൗസ് | 56.64 | 105 | 5947.2 |
| 2 | ഗംബൂട്ട് | 399 | 60 | 23940 |
| 3 | ഹാൻഡ് വാഷ് | 82.6 | 23 | 1899.8 |
| | മാസ്ക് | 14.994 | 189 | 2833.87 |
| | | | | 34620.87 |

ബാക്കി സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തി വെള്ളക്കരത്തിൽ കൃത്യത വരുത്തേണ്ടതാണ്.

2020-21 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിലേക്ക് പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | -തുക |
|---|---|---|
| 1 | 22000048/20.04.20 | 50313 |
| 2 | 22000173/26.05.20 | 50313 |
| 3 | 22000248/23.06.20 | 50313 |
| 4 | 22000317/15.07.20 | 50313 |
| 5 | 22000482/27.08.20 | 50313 |
| 6 | 22000557/22.09.20 | 50313 |

| | | |
|---|---|---|
| 7 | 22000649/21.10.20 | 50313 |
| 8 | 22000762/27.11.20 | 50313 |
| 9 | 22000828/12.12.20 | 50313 |
| 10 | 22000909/15.01.21 | 50313 |
| 11 | 22001005/20.02.21 | 50313 |
| 12 | 22001112/17.03.21 | 50313 |
| | | 603756 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 115 ടാപ്പുകൾക്കാണ് (@5250/വർഷം) പ്രതിമാസം 50313/- രൂപ അടവാക്കുന്നത്. എന്നാൽ ഇത്രയും പൊതുടാപ്പുകൾ പഞ്ചായത്ത് പരിധിയിൽ നിലവിൽ ഉപയോഗയോഗ്യമായിട്ടുണ്ടോ എന്നത് സംയുക്ത പരിശോധന വഴി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 49/20-21 26.11.21) സംയുക്ത പരിശോധന നടത്തുന്നതിനായി 21.10.21, 02.11.2021 തിയ്യതികളിലായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വാട്ടർ അതോറിറ്റിയിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. ഉപയോഗിക്കാതെ കിടക്കുന്ന പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്നതിലൂടെ പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതി ഇടപെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ലാപ്ടോപ്പ് വിതരണം - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് : 99/21 പട്ടികജാതി ബിരുദ ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ

അടങ്കൽ : 400000/- (വികസന ഫണ്ട് - എസ് സി പി)

ചെലവ് : 394310/- (ബിൽനമ്പർ : 15/20-21/21.03.21)

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1)മേൽ പ്രോജക്ട് പ്രകാരം CPRCS വഴി കെൽട്രോണിൽ നിന്നും 14 ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി 394310/- രൂപ മുൻകൂറായി നൽകിയിരുന്നു. ലാപ്ടോപ്പുകൾ ലഭ്യമാക്കിയപ്പോൾ ലഭിച്ച E Way Bill പ്രകാരം (581268615341/10.06.2021) 379529/-രൂപയാണ് ലാപ്ടോപ്പുകൾക്കായി ചെലവായിട്ടുള്ളത്. അധികം നൽകിയ 14781/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

(2) 14 പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിൽ ശ്രീമതി ശ്വേത ഗുപ്തൻ എന്നവർ, ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടിയാളെ ഗുണഭോക്താവായി അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2020-21/20.11.2021), 394310/- രൂപയാണ് ലാപ്ടോപ്പിന്റെ വില എന്നു വ്യക്തമാക്കുന്ന കെൽട്രോണിൽ നിന്നും ലഭിച്ച ഒറിജിനൽ ബിൽ ലഭ്യമാക്കി.

എന്നാൽ ശ്രീമതി ശ്വേത ഗുപ്തൻ എന്നവരെ ഗുണഭോക്താവായി അംഗീകരിച്ച കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താവ് മേൽ ആനുകൂല്യത്തിന് അർഹയാണോ എന്നത് അന്വേഷണം നടത്തി ഉറപ്പ് വരുത്തി പഞ്ചായത്ത് ഭരണ സമിതി ടിയാൾക്ക് നൽകിയ ആനുകല്യം സാധൂകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടിയാൾക്ക നൽകിയ ലാപ്ടോപ്പിന്റെ വില (28165/-) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 കുടിവെള്ള വിതരണം - സർക്കാർ ഉത്തരവിൽ അനുവദിച്ചതിലും അധികരിച്ച് തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 111/20 കുടിവെള്ള വിതരണം

അടങ്കൽ : 836000/- ( ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 800000/-(തനത്)

1. വൗച്ചർ നമ്പർ : 22000135/13.05.20 400000/-

2.വൗച്ചർ നമ്പർ : 22000246/19.06.20 389000/-

3.വൗച്ചർ നമ്പർ : 22000247/19.06.20 300000/-

4.വൗച്ചർ നമ്പർ : 22001078/13.03.20 222136/-

2020-21 മേൽ വൗച്ചറുകൾ പ്രകാരം കുടിവെള്ള വിതരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇൻകം ടാക്സ് ഇനത്തിൽ 13244/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട് . ആകെ കുടിവെള്ള വിതരണത്തിനായി 1324380/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(സാധാ) നം. 494/2020/ ത.സ്വ.ഭ.വ തിയ്യതി. 27.02.20 പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് 31.05.2020 വരെ 11 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതിയുള്ളതാണ്. കൂടാതെ സ.ഉ(സാധാ)നം.1312/2020/ത.സ്വ.ഭ.വ തിയ്യതി. 02.07.20 പ്രകാരം കുടിവെള്ള വിതരണത്തിന്റെ സമയപരിധി 30.06.2020 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്.

സർക്കാർ ഉത്തരവിൽ നിന്നും അധികരിച്ച് 224380/- രൂപ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുകക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

കൂടാതെ പ്രൊജക്ട് പ്രകാരം 836000/- രൂപ ധനകാര്യകമ്മീഷൻ അവാർഡിനത്തിലാണ് വകയിരുത്തിയത്. എന്നാൽ ചെലവഴിച്ചത് തനത് ഫണ്ടിനത്തിനാണ്. അതും പദ്ധതിയിൽ വകയിരുത്തിയതിലും കൂടുതൽ ചെലവഴിച്ചിട്ടുമുണ്ട്. പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/2020-21/25.11.21) മറുപടി ലഭ്യമാക്കിയില്ല. തുക അധികം ചെലവഴിച്ചതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കേണ്ടതും പ്രോജക്ട് രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രോജക്ട് : 117/21എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം

അടങ്കൽ : 125438/- ( വികസന ഫണ്ട് - എസ് സി പി)

ചെലവ് : 124575/- (ബിൽനമ്പർ : 01/20-21/23.04.2020)

2020-21 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ 226/19 പ്രോജക്ടിന്റെ സ്പിൽഓവർ പ്രോജക്ടാണ് ഇത്. 2018-19 വർഷത്തിൽ ഡ്രീം ഹോം എന്ന സ്ഥാപനത്തിൽ നിന്നും 332750/-രൂപക്ക് 110 വാട്ടർ ടാങ്കുകൾ പർച്ചേസ് ചെയ്തിട്ടുണ്ട്. ആയതിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ വരുന്ന 25% തുക 83188/- രൂപ 2018-19 ൽ തന്നെ കൈമാറുകയും തുടർന്ന് 19-20 വർഷത്തിൽ പ്ലാൻ ഫണ്ട് വിഹിതമിനത്തിലുള്ള തുക 249562/- രൂപ (ബിൽ നമ്പർ 01/19-20/30.05.2019) നൽകുകയും ചെയ്തു.

എന്നാൽ തുടർന്ന് ഗുണഭോക്തൃ വിഹിതമിനത്തിൽ 41800/- രൂപ (വൗച്ചർ നമ്പർ 21901365/31.03.2020) 2019-20 ലും പ്ലാൻ ഫണ്ടിനത്തിൽ 124575 /- രൂപ 2020-21 ലും ചെലവഴിച്ചിട്ടുണ്ട്. ടി തുകകളുടെ ചെലവു വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2019-20/20.11.21) 2019-20 ൽ ഡ്രീം ഹോം എന്ന സ്ഥാപനത്തിൽ നിന്ന തന്നെ 55 വാട്ടർ ടാങ്കുകൾ വാങ്ങിയതിന്റെ 1,66,375/- രൂപയുടെ ബിൽ ഹാജരാക്കി. ആയത് വിതരണം ചെയ്ത 55 പേരുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാട്ടർ ടാങ്ക് വിതരണം ചെയ്ത 55 പേരിൽ 41 പേരും, ഓഡിറ്റിനായി ലഭ്യമാക്കിയ 2018-19 ലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നവരല്ല. ടിയാളുകളെ ഗുണഭോക്താക്കളായി ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2. ആനുകൂല്യം കൈപ്പറ്റിയവർ നിലവിൽ വാട്ടർ ടാങ്ക് ഇല്ലാത്തവരാണെന്നതിന്റെ സാക്ഷ്യപത്രം ഫയലിൽ ഇല്ല.

3. 2018-19 വർഷത്തിൽ 110 വാട്ടർടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്. ടി ഗുണഭോക്താക്കളുടെ വിവരം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയാൽ മാത്രമേ പരിശോധന പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

മേൽ അപാകതകൾ പരിഹരിക്കുന്നതു വരെ 2020-21 ൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 124575/- രൂപ തടസ്സം ചെയ്യുന്നു.

## 1-26 പ്രളയാനന്തര മാലിന്യം നീക്കം ചെയ്യൽ - IT കുറവായി ഈടാക്കി.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട്: 137/21 പ്രളയാനന്തര മാലിന്യം നീക്കം ചെയ്യൽ

അടങ്കൽ : 400000/- (തനത്)

ചെലവ്: 264845/-

പ്രളയാനന്തരം അടിഞ്ഞുകൂടിയ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനായി യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിന് കിലോക്ക് 5.75 രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ ഭരണസമിതിയുടെ 26.11.2019 ലെ തീരുമാനം നമ്പർ 6(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം മേൽ പ്രോജക്ടിൽ വകയിരുത്തി 2020-21 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22000036/13.04.20 | 100000 | |
| 2 | 22000037/13.04.20 | 51685 | |
| 3 | 22000110/11.05.20 | 36915 | |
| 4 | 22000847/22.12.20 | 76245 | |
| | | 264845 | |

എന്നാൽ ടി തുക നൽകിയപ്പോൾ 2% ഇൻകംടാക്സ് ഈടാക്കേണ്ടതായിരുന്നു. (264845*2% = 5297). എന്നാൽ 4207/- രൂപയാണ് ഇൻകംടാക്സ് ഇനത്തിൽ ഈടാക്കിയത്. തുക കുറവായി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/20-21/25.11.2021) മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ ഇൻകംടാക്സ് തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 അനുബന്ധ രേഖകൾ ലഭ്യമാവാത്തത് സംബന്ധിച്ച്.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 8173035/- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 39/2020-21/25.11.21)

### 1-27-1 എസ് എസ് എ വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 02/21 എസ് എസ് എ വിഹിതം നൽകൽ | ബിൽ മ്പർ 32/20-21/ 18.03.2021<br>20,00,000/-<br>Plan- General | ജില്ലാ പ്രോജക്ട് ഓഫീസർ, SSK | വിനിയോഗ വിവരം |

### 1-27-2 ഐ കെ എം വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| 03/20 ഐ കെ എം വിഹിതം നൽകൽ | ബിൽ മ്പർ 27/20-21/ 06.02.21 | ഐ കെ എം | വിനിയോഗ വിവരം |

| | | | |
|---|---|---|---|
| | 1,10,000/-<br>Plan- General | | |

### 1-27-3 കാർഷികാവശ്യത്തിനായി ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 1 | 130/21 മൂഴിക്കൽ തോട് വി സി ബി അറ്റകുറ്റപ്പണി വിഹിതം നൽകൽ | ബിൽ മ്പർ 31/20-2/18.03.21<br>19,00,000/-<br>Plan- General | അസി. എഞ്ചിനീയർ മൈനർ ഇറിഗേഷൻ | പ്രവൃത്തി പൂർത്തീകരണ വിവരം |
| 2 | 129/21 മണ്ണട്ടാം പാറ ലോക്ക് നിലവിലെ ഓപ്പറേറ്റിംഗ് യൂണിറ്റ് മോട്ടോറൈസ് ചെയ്യൽ -തുക നൽകൽ | ബിൽ മ്പർ 02/20-21 /29.05.20<br>36,00,000/-<br>ബിൽ മ്പർ 33/20-21/18.03.21<br>1,20,000/-<br>Plan- General | അസി. എഞ്ചിനീയർ മൈനർ ഇറിഗേഷൻ | പ്രവൃത്തി പൂർത്തീകരണ വിവരം |
| 3 | 248/20 പീലത്തിൻ തോട് വിസിബി അറ്റകുറ്റപ്പണി | ബിൽ മ്പർ 01/20-21 /01.06.20<br>4,41,000/-<br>Plan- General | അസി. എഞ്ചിനീയർ മൈനർ ഇറിഗേഷൻ | പ്രവൃത്തി പൂർത്തീകരണ വിവരം |

### 1-27-4 കരണിയിൽ എസ് സി കുടിവെള്ള പദ്ധതി സർവ്വേ ഫീസ്

| പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|
| കരണിയിൽ എസ് സി കുടിവെള്ള പദ്ധതി സർവ്വേ ഫീസ് | വൗച്ചർ നമ്പർ 22000196/ 04.06.20 – 2035 /- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രവൃത്തി പൂർത്തീകരണ വിവരം |

### 1-28 സ്ത്രീ ശാക്തീകരണ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല.

സ്ത്രീ ശാക്തീകരണത്തിനായി തൊഴിൽ പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിന് അങ്കണവാടിക്ക് മുകളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിട സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 19-11-2021 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ തൊഴിൽ പരിശീലന യൂണിറ്റുകൾ നാളിതു വരെ ആരംഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ടി കെട്ടിടങ്ങളിൽ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നും കാണപ്പെട്ടു.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിശദാംശങ്ങൾ | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | മണ്ണട്ടാംപാറ അങ്കണവാടിക്ക് | 5,55,897 | 14/23.9.2019 | സ്ത്രീ ശാക്തീകരണ യൂണിറ്റിലേക്ക് സ്ഥാപിച്ചിട്ടുള്ള ഇരുമ്പ് കോണി |

| | | | | |
|---|---|---|---|---|
| | മുകളിൽ സ്ത്രീ ശാക്തീകരണ യൂണിറ്റ്<br>പ്രൊജക്ട് നമ്പർ- 145/20<br>സാങ്കേതികാനുമതി- 690000<br>ഫണ്ടിനം- പ്ലാൻ (ജനറൽ)<br>എം ബുക്ക്- 192/18-19 | | | മുകളിൽ മേൽക്കൂരയില്ലാത്തതിനാലും പെയ്ന്റിംഗ് നടത്തിയിട്ടില്ലാത്തതിനാലും തുരുമ്പെടുക്കുന്ന അവസ്ഥയിലാണുള്ളത്. |
| 2 | പത്തൂർ അങ്കണവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണ യൂണിറ്റ്<br>പ്രൊജക്ട് നമ്പർ-116/21 (SPILL OVER)<br>സാങ്കേതികാനുമതി- 10,50000 രൂപ<br>ഫണ്ടിനം- പ്ലാൻ (ജനറൽ)<br>എം ബുക്ക്- 83/18-19, 104/18-19<br>കരാറുകാരൻ- ശ്രീ. യു. മുഹമ്മദ് മുസ്തഫ | 8,82,710 | 2/21.4.20 | - |

കെട്ടിട സൗകര്യമേർപ്പെടുത്തിയെങ്കിലും സ്ത്രീശാക്തീകരണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

സ്ത്രീ ശാക്തീകരണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാത്തതും കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതും ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-29 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ.(എം.എസ്).3186/2017/LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2020-21 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു..

| പ്രൊജക്ട് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|
| 181/21 | 7 | 1356 | 9492 |
| 219/21 | 4 | 791 | 3164 |
| 221/21 | 2 | 678 | 1356 |
| 56/21 | 1 | 904 | 904 |
| 52/21 | 3 | 1130 | 3390 |
| 209/21 | 2 | 1582 | 3164 |
| 25/21 | 2 | 1130 | 2260 |
| 29/21 | 5 | 1130 | 5650 |
| 106/21 | 5 | 1130 | 5650 |
| 23/21 | 2 | 1130 | 2260 |
| 24/21 | 2 | 1130 | 2260 |
| 64/21 | 4 | 1130 | 4520 |
| 62/21 | 2 | 1130 | 2260 |
| 19/21 | 2 | 1130 | 2260 |
| 63/21 | 2 | 904 | 1808 |
| 20/21 | 2 | 1130 | 2260 |
| 211/20 | 3 | 2260 | 6780 |
| 55/21 | 5 | 904 | 4520 |
| 58/21 | 5 | 904 | 4520 |
| 30/21 | 2 | 1130 | 2260 |
| 36/21 | 3 | 1130 | 3390 |
| 32/21 | 2 | 1130 | 2260 |
| 21/21 | 4 | 2260 | 9040 |
| 43/21 | 1 | 791 | 791 |
| 187/21 | 4 | 2825 | 11300 |
|  | ആകെ |  | 97519 |

മേൽ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ഉറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗ് - ട്രഞ്ചിൽ മണ്ണ് നിറക്കുന്നതിനുള്ള നിരക്കിൽ മൂല്യനിർണ്ണയം ചെയ്തു. അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പഞ്ചായത്ത് വെളിമുക്ക് മിനി സ്റ്റേഡിയം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേര്- വെളിമുക്ക് മിനി സ്റ്റേഡിയം പുനരുദ്ധാരണം

പ്രോജക്ട് നമ്പർ- 195/19 ( സ്പിൽ ഓവർ -112/21 )

സാങ്കേതികാനുമതി തുക - 9,59,500 (റിവൈസ്ഡ്)

സാങ്കേതികാനുമതി നമ്പർ- 91079/2017-18

ഫണ്ടിനം- സി.എഫ്.സി.

കരാറുകാരൻ- ശ്രീ. ഇ.കെ. അബ്ദുൽ അസീസ്

ക്വാട്ട് ചെയ്ത തുക - 9,59,413

എഗ്രിമെന്റ് - 25/2018-19/AE/MNR/22.11.2018

കോസ്റ്റ് ഇൻഡക്സ്- 37.25%

എം.ബുക്ക് നമ്പർ- 93/2018-19, 106/2018-19

ബിൽ നമ്പർ- 6/15.5.2020, 947034 രൂപ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 12 ആയി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ്

ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഉറപ്പായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor’s Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ പ്ലിൻത്, ട്രഞ്ച്, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവയിൽ മണ്ണ് നിറക്കുന്നതിനുള്ള 50.2.25.1 ഡാറ്റ ( Filling With Contractors Own Earth In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള ഉയർന്ന നിരക്കാണ് നൽകിയത്. DsoR 2016 ൽ 37.25 Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 273.47രൂപയും 50.2.25.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 427.21 രൂപയുമാണ്.

പ്രവൃത്തി മൂല്യനിർണ്ണയം ചെയ്ത് കണക്കാക്കി നൽകിയതും യഥാർത്ഥത്തിൽ നൽകാവുന്നതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ചെയ്ത ഫില്ലിംഗ് പ്രവൃത്തി | 397.341ഘനമീറ്റർ |
| നൽകിയ തുക | 397.341x 427 = 169665രൂപ |
| നൽകാവുന്ന തുക | 397.341x 273.47 = 108661രൂപ |
| അധികം നൽകിയത് | 61004 രൂപ |

20 സെന്റീമീറ്ററിൽ അധികരിക്കാത്ത അടുക്കുകളായി മണ്ണ് നിറച്ച് ഓരോ അടുക്കും നനച്ച് നന്നായി അമർത്തി പ്രവൃത്തി ചെയ്യാനുള്ള നിരക്കാണ് 50.2.25.1 ലും 50.2.26.1 ലും നൽകിയിട്ടുള്ളത്. ഉറപ്പായ സ്ഥലങ്ങളിലാണ് ഇപ്രകാരം മൺപണി ചെയ്യേണ്ടതെങ്കിൽ 50.2.26.1 എന്ന ഡാറ്റയാണ് നൽകേണ്ടത്. ആയതിനാൽ മിനി സ്റ്റേഡിയത്തിൽ മണ്ണ് നിറക്കുന്നതിന് 50.2.26.1 എന്ന ഡാറ്റയാണ് അനുവദനീയമായിട്ടുള്ളത്. ഡാറ്റ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 50.2.25.1 | Filling With Contractor's Own Earth (Excluding Rock) In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Up To 50 M And Lift Up To 1.5 M As Per Direction Of Site Engineer-in-charge |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For One Each | | | | |
| 0979 | Royalty For Good Earth | Cum | 1.0 | 30.00 | 30.00 |
| 2241 | Carriage Of Good Earth | Cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.02 | 407.00 | 8.14 |
| 0115 | Coolie | Day | 0.25 | 368.00 | 92.00 |
| 0101 | Bhisti | Day | 0.02 | 407.00 | 8.14 |
| TOTAL | | | | | 267.99 |
| Add Water Charges @ 1% | | | | | 2.68 |
| TOTAL | | | | | 270.67 |
| Add CPOH @ 15% | | | | | 40.60 |
| Cost Of 1.0 Cum | | | | | 311.27 |
| Say | | | | | 311.25 |
| Cost Index | | | | | 115.94 |
| Total | | | | | 427.21 |

| | |
|---|---|
| 50.2.26.1 | Filling With Contractor Own Earth (Excluding Rock) In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Up To 50 M And Lift Up To 1.5 M As Per Direction Of Site Engineer-in-charge. |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 1 Each | | | | |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0979 | Royalty For Good Earth | Cum | 1.0 | 30.00 | 30.00 |
| 2241 | Carriage Of Good Earth | Cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.01 | 407.00 | 4.07 |
| 0115 | Coolie | Day | 0.01 | 368.00 | 3.68 |
| 0101 | Bhisti | Day | 0.01 | 407.00 | 4.07 |

| | |
|---|---|
| TOTAL | 171.53 |
| Add Water Charges @ 1% | 1.72 |
| TOTAL | 173.25 |
| Add CPOH @ 15% | 26.00 |
| Cost Of 1.0 Cum | 199.25 |
| Cost Per Cum | 199.25 |
| Cost Index | 61.89 |
| TOTAL | 273.47 |

അധിക നിരക്ക് നൽകിയതിന് അർഹമായ വിശദീകണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പദ്ധതിക്ക് Consolidate ചെയ്ത് കൊണ്ടുള്ള നല്ല മണ്ണ് ഇടേണ്ടതു കൊണ്ട് ബേസ്മെന്റ് ഫില്ലിംഗിനുള്ള ഐറ്റമാണ് കൊടുത്തതെന്നും സാധാരണ റോഡ് വർക്കിന് കൊടുക്കുന്ന ഫില്ലിംഗ് ഐറ്റം മണ്ണ് വലിയ കട്ടകൾ വരുന്നതാണെന്നും ആ ഐറ്റം ഇവിടെ നൽകുക ഉചിതമല്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. തുറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗ് ചെയ്യുതിന് അധിക നിരക്ക് നൽകിയതിന് അസി. എഞ്ചിനീയറുടെ മറുപടി പരിഗണനാർഹമല്ല. അധിക ചെലവ് വന്ന 61004 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, ശ്രീ. ബിപിൻ. എൻ.വി, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ, ശ്രീമതി. ബിന്ദു ജാസ്മീൻ WS എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-31 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം കരാറുകാർക്ക് അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യുതിന് 0.35 Mm GI പ്രൊഫൈൽ ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 607.83/m$^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത് (കോസ്റ്റ് ഇൻഡക്സ്-31.06) . ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ GI ഷീറ്റിന് പകരം പി.വി.സി കൊറുഗേറ്റഡ് ഷീറ്റിനുള്ള നിരക്കും അളവുകളും ഉപയോഗിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ഷീറ്റ് പ്രവൃത്തിക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്. അനുവദനീയമായ നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |

| | | | | | |
|---|---|---|---|---|---|
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter $2^{nd}$ Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് 100 രൂപയിലധികം ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധിക നിരക്ക് നൽകിയതിന് വസ്തുതാപരമായ വിശദീകരണമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പൂതേരി വളപ്പ് അങ്കണവാടി റിപ്പയർ (140/21)<br>TS- 430000<br>ബിൽ 10/ 29.7.2020, തുക 239318<br>കരാർ 07/30.10.2019<br>കോൺട്രാക്ടർ ശ്രീ . ഇ. കെ. അബ്ദുൽ അസീസ് (10.6% കുറഞ്ഞ നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവ് പുസ്തകം 91/18-19 | Item No.9<br>$84.40m^2$ | 51300<br>@607.83/$m^2$<br>10.6% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>= 45862 | 40593<br>@480.96<br>(10.6% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>= 36290 | 9572<br>(+)<br>ജി.എസ്.ടി വിഹിതം (12%) = 1149<br>= 10721 |
| പത്തൂർ അങ്കണവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണയൂണിറ്റ് | Item No.34<br>36.57 $M^2$ | 22616<br>@618.43/$m^2$ | 17769<br>@485.89/$m^2$ | 4847 |

| | | | | |
|---|---|---|---|---|
| (116/21)<br>TS- 1050000<br>ബിൽ 2/20.4.20, തുക -882710<br>കരാർ 12/26.09.2018<br>കോൺട്രാക്ടർ ശ്രീ.യു. മുഹമ്മദ് മുസ്തഫ<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 83/18-19, 104/18-19, 179/18-19 | | | | |
| ആകെ | | | | 15568 |

അധികം നൽകിയ 15568 രൂപ തെറ്റായി ഒബ്സർവ്ഡ് ഡാറ്റയുണ്ടാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-32 ചക്കാലക്കൽ അങ്കണവാടി കെട്ടിടം- ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ,

പ്രൊജക്ട് നമ്പർ- 161/21 (സ്പിൽഓവർ)

കരാറുകാരൻ- ശ്രീ. എ.പി.ബീരാൻ കോയ,

എസ്റ്റിമേറ്റ് തുക- 10 ലക്ഷം

ചെലവ് തുക- 876553 രൂപ

ചെക്ക് നമ്പർ- 2901901/3-4-21, 176553 രൂപ

ചെക്ക് നമ്പർ- 2901902/3-4-21, 700000രൂപ

തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും ബ്ലോക്ക് വിഹിതം 700000 രൂപയും ഉൾപ്പെടെ 12 ലക്ഷം രൂപ അടങ്കലിൽ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രോജക്ട് പ്രകാരം 876,553 രൂപ ചെലവഴിച്ച് ചക്കാലക്കൽ അങ്കണവാടി കെട്ടിടം പൂർത്തീകരിക്കുകയും പുതിയ കെട്ടിടത്തിൽ നിലവിൽ അങ്കണവാടി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ 19.11.2021 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ അങ്കണവാടി കെട്ടിടം വൈദ്യുതീകരിക്കുയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് Lumpsum ആയി തുക വകയിരുത്തിയിരുന്നുവെങ്കിലും സ്ട്രക്ചർ വർക്കുകൾ പൂർത്തീകരിക്കുന്നതിനോട് കൂടി ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിനാലാണ് നാളിതുവരെ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാനാവാത്തത്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അങ്കണവാടി പ്രവർത്തനമാരംഭിച്ചിട്ടും ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്ത സാഹചര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# ഭാഗം -2

## 2-1 തൊഴിൽ നികുതി കുറവായി ഈടാക്കി

സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധവർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവർഷ റിട്ടേൺ പ്രകാരം | | | |
|---|---|---|---|---|---|---|
| | | | വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
| 1 | വി.ജെ പള്ളി എ.എം.യു.പി.എസ് | മുഹമ്മദ് സഫീർ പി.പി | 103900 | 750 | 1000 | 250 |
| 2 | കൊശമറ്റം ഫിനാൻസ് | സുനിത അമ്പാളി | 72000 | 300 | 600 | 300 |
| 3 | കൊശമറ്റം ഫിനാൻസ് | പ്രവീണ വി | 72000 | 300 | 600 | 300 |
| ആകെ | | | | | | 850 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 850 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗിന ട്രഞ്ചിൽ മണ്ണ് നിറക്കുന്നതിനുള്ള നിരക്കിൽ മൂല്യനിർണ്ണയം ചെയ്തു

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പഞ്ചായത്ത് വെളിമുക്ക് മിനി സ്റ്റേഡിയം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേര്- വെളിമുക്ക് മിനി സ്റ്റേഡിയം പുനരുദ്ധാരണം

പ്രോജക്ട് നമ്പർ- 195/19 ( സ്പിൽ ഓവർ -112/21 )

സാങ്കേതികാനുമതി തുക - 9,59,500 (റിവൈസ്ഡ്)

സാങ്കേതികാനുമതി നമ്പർ- 91079/2017-18

ഫണ്ടിനം- സി.എഫ്.സി.

കരാറുകാരൻ- ശ്രീ. ഇ.കെ. അബ്ദുൽ അസീസ്

ക്വാട്ട് ചെയ്ത തുക - 9,59,413

എഗ്രിമെന്റ് - 25/2018-19/AE/MNR/22.11.2018

കോസ്റ്റ് ഇൻഡക്സ്- 37.25%

എം.ബുക്ക് നമ്പർ- 93/2018-19, 106/2018-19

ബിൽ നമ്പർ- 6/15.5.2020, 947034 രൂപ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 12 ആയി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ പ്ലിൻത്, ട്രഞ്ച്, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവയിൽ മണ്ണ് നിറക്കുന്നതിനുള്ള 50.2.25.1 ഡാറ്റ ( Filling With Contractor's Own Earth In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള ഉയർന്ന നിരക്കാണ് നൽകിയത്. DsoR 2016 ൽ 37.25 Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 273.47രൂപയും 50.2.25.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 427.21 രൂപയുമാണ്.

പ്രവൃത്തി മൂല്യനിർണ്ണയം ചെയ്ത് കണക്കാക്കി നൽകിയതും യഥാർത്ഥത്തിൽ നൽകാവുന്നതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ചെയ്ത ഫില്ലിംഗ് പ്രവൃത്തി | 397.341ഘനമീറ്റർ |
| നൽകിയ തുക | 397.341x 427 = 169665രൂപ |
| നൽകാവുന്ന തുക | 397.341x 273.47 = 108661രൂപ |
| അധികം നൽകിയത് | 61004 രൂപ |

20 സെന്റീമീറ്ററിൽ അധികരിക്കാത്ത അടുക്കുകളായി മണ്ണ് നിറച്ച് ഓരോ അടുക്കും നനച്ച് നന്നായി അമർത്തി പ്രവൃത്തി ചെയ്യാനുള്ള നിരക്കാണ് 50.2.25.1 ലും 50.2.26.1 ലും നൽകിയിട്ടുള്ളത്. ഉറസ്സായ സ്ഥലങ്ങളിലാണ് ഇപ്രകാരം മൺപണി ചെയ്യേണ്ടതെങ്കിൽ 50.2.26.1 എന്ന ഡാറ്റയാണ് നൽകേണ്ടത്. ആയതിനാൽ മിനി സ്റ്റേഡിയത്തിൽ മണ്ണ് നിറക്കുന്നതിന് 50.2.26.1 എന്ന ഡാറ്റയാണ് അനുവദനീയമായിട്ടുള്ളത്. ഡാറ്റ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 50.2.25.1 | Filling With Contractor's Own Earth ( Excluding Rock) In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Up To 50 M And Lift Up To 1.5 M As Per Direction Of Site Engineer-in-charge |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For One Each | | | | |
| 0979 | Royalty For Good Earth | Cum | 1.0 | 30.00 | 30.00 |
| 2241 | Carriage Of Good Earth | Cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.02 | 407.00 | 8.14 |
| 0115 | Coolie | Day | 0.25 | 368.00 | 92.00 |
| 0101 | Bhisti | Day | 0.02 | 407.00 | 8.14 |

| | |
|---|---|
| TOTAL | 267.99 |
| Add Water Charges @ 1% | 2.68 |
| TOTAL | 270.67 |
| Add CPOH @ 15% | 40.60 |
| Cost Of 1.0 Cum | 311.27 |
| Say | 311.25 |
| Cost Index | 115.94 |
| Total | 427.21 |

| | |
|---|---|
| 50.2.26.1 | Filling With Contractor Own Earth (Excluding Rock) In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Up To 50 M And Lift Up To 1.5 M As Per Direction Of Site Engineer-in-charge. |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details Of Cost For 1 Each | | | | |
| 0979 | Royalty For Good Earth | Cum | 1.0 | 30.00 | 30.00 |
| 2241 | Carriage Of Good Earth | Cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.01 | 407.00 | 4.07 |
| 0115 | Coolie | Day | 0.01 | 368.00 | 3.68 |
| 0101 | Bhisti | Day | 0.01 | 407.00 | 4.07 |

| | |
|---|---|
| TOTAL | 171.53 |
| Add Water Charges @ 1% | 1.72 |
| TOTAL | 173.25 |
| Add CPOH @ 15% | 26.00 |
| Cost Of 1.0 Cum | 199.25 |
| Cost Per Cum | 199.25 |
| Cost Index | 61.89 |
| TOTAL | 273.47 |

അധിക നിരക്ക് നൽകിയതിന് അർഹമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പദ്ധതിക്ക് Consolidate ചെയ്ത് കൊണ്ടുള്ള നല്ല മണ്ണ് ഇടേണ്ടതു കൊണ്ട് ബേസ്മെന്റ്

ഫില്ലിംഗിനുള്ള എറ്റെമാണ് കൊടുത്തതെന്നും സാധാരണ റോഡ് വർക്കിന് കൊടുക്കുന്ന ഫില്ലിംഗ് എറ്റെം മണ്ണ് വലിയ കട്ടകൾ വരുന്നതാണെന്നും ആ എറ്റെം ഇവിടെ നൽകുക ഉചിതമല്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഉറപ്പായ സ്ഥലത്ത് മണ്ണ് ഫില്ലിംഗ് ചെയ്യതിന് അധിക നിരക്ക് നൽകിയതിന് അസി. എഞ്ചിനീയറുടെ മറുപടി പരിഗണനാർഹമല്ല. അധിക ചെലവ് വന്ന 61004 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, ശ്രീ. ബിപിൻ. എൻ.വി, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ, ശ്രീമതി. ബിന്ദു ജാസ്മീൻ WS എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI പ്രൊഫൈൽ ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 607.83/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത് (കോസ്റ്റ് ഇൻഡക്സ്-31.06). ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ GI ഷീറ്റിന് പകരം പി.വിസി കൊറുഗേറ്റഡ് ഷീറ്റിനുള്ള നിരക്കും അളവുകളും ഉപയോഗിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ഷീറ്റ് പ്രവൃത്തിക്ക് അധികച്ചലവുണ്ടായിട്ടുണ്ട്. അനുവദനീയമായ നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് 100 രൂപയിലധികം ഗ്രാമ പഞ്ചായത്തിന്

അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധിക നിരക്ക് നൽകിയതിന് വസ്തുതാപരമായ വിശദീകരണമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പൂതേരി വളപ്പ് അങ്കണവാടി റിപ്പയർ (140/21)<br>TS- 430000<br>ബിൽ 10/ 29.7.2020, തുക 239318<br>കരാർ 07/30.10.2019<br>കോൺട്രാക്ടർ ശ്രീ . ഇ. കെ. അബ്ദുൽ അസീസ് (10.6% കുറഞ്ഞ നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവ് പുസ്തകം 91/18-19 | Item No.9<br>84.40m$^2$ | 51300<br>@607.83 /m$^2$<br>10.6% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>= 45862 | 40593<br>@480.96<br>(10.6% കുറഞ്ഞ നിരക്കിൽ പരിമിതപ്പെടുത്തിയത്<br>= 36290 | 9572<br>(+)GST വിഹിതം (12%)=1149<br>ആകെ 10721 |
| പത്തൂർ അങ്കണവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണയൂണിറ്റ് (116/21)<br>TS- 1050000<br>ബിൽ 2/20.4.20 , തുക -882710<br>കരാർ 12/26.09.2018<br>കോൺട്രാക്ടർ ശ്രീ .യു. മുഹമ്മദ് മുസ്തഫ<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം - 83/18-19, 104/18-19, 179/18-19 | Item No.34<br>36.57 M$^2$ | 22616<br>@618.43 /m$^2$ | 17769<br>@485.89/m$^2$ | 4847 |
| ആകെ | | | | 15568 |

അധികം നൽകിയ 15568 രൂപ തെറ്റായി ഒബ്സർവ്ഡ് ഡാറ്റയുണ്ടാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 2020-2021 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 850000 | നെൽകൃഷി വികസനം 04/2020-21 | 850000 | 0 |
| | 1087000 | ഭിന്നശേഷി സ്കോളർഷിപ്പ് 94/2020-21 | 1087000 | 0 |
| | 436000 | ഭവന നിർമ്മാണം -ലൈഫ് എസ്.സി | 436000 | 0 |
| ആകെ | 2373000 | | 2373000 | 0 |
| ജില്ലാ പഞ്ചായത്ത് | 1250000 | ഭിന്നശേഷി സ്കോളർഷിപ്പ് 94/2020-21 | 1250000 | 0 |
| ആകെ | 1250000 | | 1250000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ | 129/21 മണ്ണട്ടാംപാറ ലോക്ക് നിലവിലെ ഓപ്പറേറ്റിംഗ് യൂണിറ്റ് മോട്ടോറൈസ് ചെയ്യൽ | ബിൽ മ്പർ 02/20-21 /29.05.20 36,00,000/- ബിൽ മ്പർ 33/20-21 /18.03.21 1,20,000/- | 3720000 | 0 | ഇല്ല | 3720000 |
| മൈനർ ഇറിഗേഷൻ | 130/21 മൂഴിക്കൽ തോട് വി സി ബി അറ്റകുറ്റപ്പണി വിഹിതം നൽകൽ | ബിൽ മ്പർ 31/20-21 /18.03.21 19,00,000/- | 19,00,000/- | 0 | ഇല്ല | 19,00,000/- |
| മൈനർ ഇറിഗേഷൻ | 248/20 പീലത്തിൻ തോട് വിസിബി | ബിൽ മ്പർ 01/20-21 /01.06.20 | 4,41,000/- | 0 | ഇല്ല | 4,41,000/- |

| | | | | | | |
|---|---|---|---|---|---|---|
| | അറ്റകുറ്റപ്പണി | 4,41,000/- | | | | |
| | | ആകെ | 6061000 | | | 6061000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 27418418 |
| തൻവർഷം നിക്ഷേപിച്ച തുക | 2198395 (പലിശ വരവ്) |
| ആകെ | 29616813 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 29616813 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തിരുരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 805959 | 20150007624/01.09.21 |
| -Do- | 351986 | 20150007625/01.09.21 |
| -Do- | 1543740 | 20150007623/01.09.21 |
| -Do- | 1828868 | 20150007774/01.09.21 |
| വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3422317 | 20150008039/01.09.21 |
| -Do- | 2111126 | 2210/20.04.21 |
| -Do- | 10386618 | 2220/20.04.21 |
| -Do- | 4907621 | 2215/20.04.21 |
| -Do- | 4258578 | 1048/19.04.21 |
| ആകെ | 29616813 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002 ഖണ്ഡിക 18 | 2004-05 ഖണ്ഡിക3.10.1.7 | പദ്ധതിപ്പണം നിക്ഷേപമായി കടിവെള്ളമെത്തിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 ഖണ്ഡിക 2-1,2-2 | 2016-17 | പൊതു പരാമർശം | തുടരുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ് സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| മുന്നിയൂർ ഗ്രാമ പഞ്ചായത്ത് | 2007-08 | 3-1 | പി.ചന്ദ്രശേഖരൻ സെക്രട്ടറി | LF8587/ Sp.cell/ SC-D1/ 12/04.12.14 | 5320 | 5320 | -- | Rt. 11402500019/ 31.12.14 |
| | | 3-8 | എം.സി ജാഫർഷെരീഫ്, | LF6083/ Spl.Cell/C- | 396748 | -- | 396748 | OP191/15 Allowed |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | അസി.എഞ്ചിനീയർ | D1/12/ 21.2.15 | | | | 14.12.17 |
| | 2008-09 | 3-12 | കെ.രാധാകൃഷ്ണൻ, എച്ച്.എം | LF6083/ Spl.cell/SC-D1/12/ 20.2.15 | 510058 | -- | 510058 | WP© 35821/15 Stay 26.11.15 |
| | 2011-12 2012-13 | 3-7 | മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | LF5819/ Spl.cell/ CSC-D1/15/ 14.12.17 | 8637 | 8637 | -- | Rt. 11602100076/ 4.4.16 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 242189243 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 236408927 |
| വരവിനങ്ങളിലുള്ള നഷ്ടം | 850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76572 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85,22,324 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 850 | | ശ്രീ. രാജശേഖരൻ കെ -(സെക്രട്ടറി) |
| 3 -1 | | 61004 | ശ്രീമതി. ബിന്ദു ജാസ്മിൻ ഡബ്ല്യു.എസ് (അസി.എക്സി എഞ്ചിനീയർ)- 30502 രൂപ |
| | | | ശ്രീ. ബിബിൻ എൻ.വി, അസിസ്റ്റന്റ് എഞ്ചിനീയർ-30502 രൂപ |
| 3-2 | | 15568 | ശ്രീ. എ മാധവൻ, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ-5361 രൂപ |
| | | | ശ്രീ. അനിൽദാസ്, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ-2423.50 രൂപ |
| | | | ശ്രീമതി. അഞ്ജലി ഷാജി, അസി. എഞ്ചിനീയർ- 2423.50 രൂപ |
| | | | ശ്രീ. ജോർജ് സക്കറിയ്യ, അസിസ്റ്റന്റ് എഞ്ചിനീയർ -5360 രൂപ |
| ആകെ | 850 | 16572 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 104266 | ഡോ. ഈസ്സാ അരീക്കാടൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-15 | 10500 | ശീമതി. ഹഫ്സത്ത് എ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-17 | 29948 | ശ്രീ. മുസ്തഫ എ, ഹെഡ്മാസ്റ്റർ |
| 1-20 | 80,000 | ഡോ. ഈസ്സാ അരീക്കാടൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-25 | 124575 | ശ്രീ. സുബാഷ് കുമാർ, (അസി. സെക്രട്ടറി ) |
| 1-27-1 | 2000000 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-27-2 | 110000 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-27-3 | 6061000 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| 1-27-4 | 2035 | ശ്രീ. രാജശേഖരൻ കെ (സെക്രട്ടറി) |
| ആകെ | 85,22,324 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജശേഖരൻ കെ, (സെക്രട്ടറി) | വിരമിച്ചു | അഞ്ചനം(ഹൗസ്), രാമനാട്ടുകര, കോഴിക്കോട് ജില്ല 673631(പിൻ) |
| ശ്രീമതി. ബിന്ദു ജാസ്മിൻ ഡബ്ല്യു.എസ് (അസി.എക്സി എഞ്ചിനീയർ) | | തണൽ(ഹൗസ്), വീട്ടിക്കുന്ന് റോഡ് എരിഞ്ഞാട്ടേരി(പി.ഒ), കരുവാരക്കുണ്ട്, മലപ്പുറം |
| ശ്രീ. ബിബിൻ എൻ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | | നമ്പ്യാരുവീട്ടിൽ(ഹൗസ്), അരിയല്ലൂർ പി.ഒ, മഞ്ചേരി, 676312 |
| ശ്രീ. എ മാധവൻ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ശ്രീനിയം(വീട്), ഉദിനൂർ സൗത്ത്(പിഒ), 671310 |
| ശ്രീമതി. അഞ്ജലി ഷാജി, അസി. എഞ്ചിനീയർ, | | ചെറുവള്ളിപ്പടി (ഹൗസ്), അരുവാപ്പാറ(പി.ഒ), പെരുമ്പാവൂർ |
| അനിൽ ദാസ് കെ.ടി, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | | പാലേംകുന്ന്, നറുകര. പി.ഒ, മഞ്ചേരി, 676122 മലപ്പുറം ജില്ല. |
| ശ്രീ ജോർജ് സക്കറിയ്യ, അസിസ്റ്റന്റ് എഞ്ചിനീയർ | | അയ്യംക്കുളങ്ങര(വീട്), മേക്കടവ്(പിഒ), മൂവാറ്റുപുഴ, എറണാംകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 (പദ്ധതി ചെലവ്) | എൽ എഫ് എം 14/878/04 തിയ്യതി 26.10.10 | 25 |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | കെ.എസ്.എ.എം.പി.എം 15/1540/19 തിയ്യതി 09.08.21 | 4 |
| 2003-04 | കെ.എസ്.എ.എം.പി.എം 15/1540/19(1) തിയ്യതി 09.08.21 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 15/1540/19(3) തിയ്യതി 09.08.21 | 10 |
| 2006-07 | കെ.എസ്.എ.എം.പി.എം 15/1540/19(4) തിയ്യതി 09.08.21 | 19 |
| 2007-08 | കെ.എസ്.എ.എം.പി.എം 15/1540/19(5) തിയ്യതി 09.08.21 | 14 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.എം.പി.എം 15/1540/19(6) തിയ്യതി 09.08.21 | 15 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം 15/2787/19(7) തിയ്യതി 09.08.21 | 11 |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം 15/2318/17 തിയ്യതി 06.12.17 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.15/777/16 തിയ്യതി 19.05.16 | 20 |
| 2015-16 | കെ എസ് എ.എംപിഎം.15/166/20 തിയ്യതി: 09.06.20 | 12 |
| 2016-17 | കെ.എസ്.എ എം.പി.എം 15/88/2020 20.06.2020 | 23 |
| 2017-18 | കെ.എസ്.എ എം.പി.എം 15/2084/2018 24.01.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം.15/20/2020 09.12.2020 | 10 |
| 2019-20 | കെ.എസ്.എ എം.പി.എം.15/1996/2021 05.02.2022 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്